**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2045** **16-03-2022 - ൽ മറുപടിയ്ക്ക്**

**മോഫിയ പർവീനിന്റെ ആത്മഹത്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. യു.എ.ലത്തീഫ് | | null<br>(മുഖ്യമന്ത്രി) | |
| (എ) | ആലുവയിൽ ഇരുപത്തി മൂന്നുകാരിയായ മോഫിയ പർവീൻ ഭർത്താവിന്റെയും ഭർതൃവീട്ടുകാരുടെയും പോലീസിന്റെയും ശാരീരികവും മാനസികവുമായ പീഡനത്തിനിരയായതിനെ തുടർന്ന് ആത്മഹത്യ ചെയ്ത സംഭവത്തിലെ അന്വേഷണം നിലവിൽ ഏതുഘട്ടത്തിലാണ്; | (എ) | ഈ കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം 17.01.2022 തീയതി ആലുവ JFCM-1 കോടതിയിൽ ഹാജരാക്കുകയും CP-5/2022 ആയി ബഹു. കോടതി കുറ്റപത്രം സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | പീഡനത്തെ തുടർന്ന് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയെങ്കിലും അതിൽ സത്വരവും നീതിപൂർവ്വവുമായ നടപടി സ്വീകരിക്കാൻ സി.ഐ. തയ്യാറായില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ആയതിൽ വീഴ്ച വരുത്തിയതായി പ്രഥമദൃഷ്ട്യാ കണ്ടെത്തിയ ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. ആയിരുന്ന സി.എൽ. സുധീർ കുമാറിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുള്ളതും ടിയാനെതിരെ വകുപ്പുതല അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതാണ്. തുടർന്ന്കൊച്ചിൻ സിറ്റി ഈസ്റ്റ് ട്രാഫിക്ക് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷണം നടത്തിവരുന്നു. |
| (സി) | സി.ഐ.ക്കെതിരെ ആത്മഹത്യാ പ്രേരണയ്ക്ക് കേസ്സെടുക്കാനും അദ്ദേഹത്തെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാനും നടപടി സ്വീകരിക്കുമോ? | (സി) | (ബി) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ